## തീർഥാടകർക്ക് ദേവസ്വം ബോർഡിന്റെ സൗജന്യ ഔഷധ കുടിവെള്ളം

ശബരിമല ദർശനത്തിനെത്തുന്ന മുഴുവൻ തീർഥാടകർക്കും സൗജന്യ ഔഷധ കുടിവെള്ളം എത്തിക്കുകയെന്ന ഉദ്യമത്തിലാണ് ദേവസ്വം ബോർഡ്. ഇതിനായി 30 പോയിന്റുകളാണ് സജ്ജമാക്കിയിരിക്കുന്നത്. നീലിമല, അപ്പാച്ചിമേട്, ശരംകുത്തി, ശബരിപീഠം, ചന്ദ്രാനന്ദൻ റോഡ്, നടപ്പന്തൽ, മാളികപ്പുറം, ജ്യോതിനഗർ ഉൾപ്പെടെ 30 പോയിറ്റുകളിലാണ് ഔഷധ കുടിവെള്ള വിതരണം നടത്തുന്നത്. ഇതിൽ ആറ് ക്യൂകോംപ്ലസുകളിൽ ടാപ്പ് സംവിധാനത്തിലൂടെ തീർഥാടകർക്ക് കുടിവെള്ളം എത്തിക്കുന്നു. ചുക്ക്, രാമച്ചം, പതിമുഖം തുടങ്ങിയ ഔഷധകൂട്ട് ചേർത്ത് തിളപ്പിച്ച ജലമാണ് ഭക്തർക്കായി ലഭ്യമാക്കിവരുന്നത്. തീർഥാടകർക്ക് 24 മണിക്കൂറും ഈ സേവനം ലഭിക്കും. ഔഷധ കുടിവെള്ള വിതരണത്തിനായി മൂന്ന് ഷിഫ്റ്റുകളിലായി 320 താൽക്കാലിക ജീവനക്കാരെയാണ് ദേവസ്വം ബോർഡ് നിയോഗിച്ചിരിക്കുന്നത്. ഭക്തർക്കായി ബിസ്ക്കറ്റ് വിതരണവും ദേവസ്വം ബോർഡ് നടത്തി വരുന്നു. പൂർണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് സ്റ്റീൽ ഗ്ലാസിലാണ് ഔഷധകുടിവെള്ള വിതരണം നടത്തുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ പോയിന്റുകളിൽ കുടിവെള്ള വിതരണം നടത്തുമെന്ന് ദേവസ്വം ബോർഡ് അധികൃതർ അറിയിച്ചു.

(പി.ആർ. ശബരി-229)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.